**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1318** **03-02-2026 - ൽ മറുപടിയ്ക്ക്**

**പെരുമ്പപുഴയിൽ പുതിയ പാലം നിർമ്മിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതകളെയും ചെറുനഗരങ്ങളെയും ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന ശീർഷകത്തിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയെയും കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തരത്തിൽ പെരുമ്പപുഴയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് തുക നീക്കിവെച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | പെരുമ്പാ പുതിയ പാലം എന്ന പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് ദേശീയപാത വിഭാഗം ചീഫ് എൻജിനീയർ ഭരണാനുമതിക്കായി സമർപ്പിച്ചു എങ്കിലും ടാർഗറ്റ് തുക കഴിഞ്ഞ് പോയതിനാൽ ഭരണാനുമതി നൽകാൻ സാധിച്ചില്ല. തുടർന്ന് 2021-22 , 2022-23 സാമ്പത്തിക വർഷങ്ങളിൽ 84.77 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചു എങ്കിലും ബജറ്റിൽ തുക മാറ്റിവെച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്ക് ഭരണാനുമതി നൽകാൻ സാധിച്ചില്ല. |
| (ബി) | നിർദ്ദിഷ്ട പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി |
| (സി) | ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | എ പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ